(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ആവശ്യത്തിന് ഓരോ വർഷവും വകയിരുത്തിയ തുകയിൽ എന്ത് തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

(ബി) ഇടുക്കി ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മറയൂരിൽ ഒരു ഒ. പി. ക്ലിനിക്കും, അട്ടപ്പാടി ആരോഗ്യ പദ്ധതിയുടെ ഭാഗമായി ആഗളി പഞ്ചായത്തിലെ കൾക്കണ്ടിയിൽ ഒരു ഒ. പി. ക്ലീനിക്കും, ആരംഭിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടി ആരോഗ്യ പദ്ധതിക്ക് വേണ്ടി 100 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1997-98 വർഷം 15 ലക്ഷം രൂപയും 1998-99 വർഷം 15 ലക്ഷം രൂപയും 1999-2000 വർഷം 32 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ 1998-99-ൽ 2 ലക്ഷം രൂപയും 1999-2000-ൽ നാലു ലക്ഷത്തി പതിനായിരം രൂപയും ചെലവാക്കി. ഇടുക്കി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1997-98-ൽ 5 ലക്ഷവും 1998-99-ൽ 5 ലക്ഷവും 1999-2000-ൽ 8 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ 1999-2000-ൽ രണ്ട് ലക്ഷവും രൂപ ചെലവഴിച്ചു. മാനന്ത വാടി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1996-97-ൽ 20 ലക്ഷവും 1997-98-ൽ 30 ലക്ഷവും 1998-99-ൽ 20 ലക്ഷവും 1999-2000-ൽ 5 ലക്ഷവും വകയിരുത്തി. ടി തുകകൾ അതാത് വർഷം തന്നെ ചെലവാക്കിയിട്ടുണ്ട്.

മൈലാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന താപ വൈദ്യുതി നിലയം

30 (*210) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് മൈലാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന താപ വൈദ്യുതി നിലയത്തിന് ഉപയോഗിക്കുന്ന ഇന്ധനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഇന്ധനം ഉപയോഗിക്കുന്നതുമൂലം പുറംതള്ളുന്ന ഗന്ധകത്തിന്റെ അളവ് എത്രയായിരിക്കും ;

(സി) ഇത് പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുമോ ;

(ഡി) ഈ പ്ലാന്റിന് വേണ്ടിയുള്ള വെള്ളം എത്രയാണ് ; ഈ വെള്ളം എവിടെ നിന്ന് എടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതുമൂലം സ്ഥലത്ത് കുടിവെള്ളക്ഷാമം ഉണ്ടാക്കാൻ സാദ്ധ്യത ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) എൽ.എസ്.എച്ച്.എസ്. (ലോ സൾഫർ ഹെവി സ്റ്റോക്ക്)

(ബി&സി) പരിസ്ഥിതി മലിനീകരണത്തിന്റെ തോത് സംസ്ഥാന മലിനീകരണ ബോർഡ് നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലാണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പ്രതിദിനം 45 ഘനമീറ്റർ വെള്ളം വേണ്ടിവരും. പദ്ധതി പ്രദേശത്ത് കുഴിച്ചിട്ടുള്ള കുഴൽ കിണറിൽ നിന്നാണ് പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നത്.

(ഇ) ഇതുമൂലം പ്രസ്തുത സ്ഥലത്ത് കുടിവെള്ളക്ഷാമമുണ്ടാകാൻ സാദ്ധ്യതയില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആദിവാസികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിന് നടപടികൾ

1 (824) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒൻപതാം പദ്ധതിയിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് ;

(ബി) ആദിവാസികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) താലൂക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസുകൾ നിറുത്തലാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ; ഇതിനു വേണ്ടി ഏർപ്പെടുത്തിയ ബദൽ സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആദിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒൻപതാം പദ്ധതിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് വച്ച് നൽകുന്നതിന് സുവർണ്ണജൂബിലി, മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭവന പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly